193 (3265) ഭവനനിർമ്മാണ വായ്പ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനിർമ്മാണ ബോർഡിൽനിന്നും മൈത്രി ഭവനപദ്ധതി പ്രകാരം വായ്പ എടുത്തവർ വായ്പ തിരിച്ചടയ്ക്കുന്നതിനായി വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി തിരിച്ചടവു സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി എന്നു വ്യക്തമാക്കുമോ;

(സി) കാലതാമസം കൂടാതെ ഇതു നടപ്പാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലോക്കു പഞ്ചായത്തുകളിൽ എല്ലാമാസവും രണ്ടാമത്തെ പ്രവൃത്തി ദിവസം മുതൽ നാലു പ്രവൃത്തി ദിവസങ്ങളിൽ തിരിച്ചടവു സ്വീകരിക്കുന്നതിനുള്ള നടപടികൾ 1999 ഫെബ്രുവരി മാസം മുതൽ ആരംഭിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

194 (3266) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് ഹഡ്കോ സഹായത്തോടെ വീട്

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് 31.3.1999 നകം സംസ്ഥാന ഹൗസിംഗ് ബോർഡ് എത്ര വീടുകൾ നിർമ്മിച്ചു നൽകണമായിരുന്നു; ഇതിൽ എത്രയെണ്ണം നിർമ്മിച്ചു നൽകി;

(ബി) ഇത് ആകെ ഉണ്ടാക്കേണ്ട ഭവനങ്ങളുടെ എണ്ണത്തിന്റെ എത്ര ശതമാനം വരും;

(സി) ഇതിനായി ഹഡ്കോയിൽ നിന്നും എന്തു തുക ലഭിച്ചു;

(ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവന നിർമ്മാണത്തിനുവേണ്ടി ഹഡ്കോ നൽകിയ തുകയുടെ എത്ര ശതമാനം അതിനു വേണ്ടി ചെലവഴിച്ചു?

ഉത്തരം

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക്, പ്രതിവർഷം ഒരു ലക്ഷം വീട് എന്ന കണക്കിൽ 1.4.1996 മുതൽ 31.3.1999 വരെ 3 ലക്ഷം വീടുകൾ നിർമ്മിക്കുവാൻ വായ്പ നൽകാനായിരുന്നു ഭവന നിർമ്മാണ ബോർഡ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 126277 വീടുകൾക്ക് വായ്പ

LIBRARY ARCHIVES Kerala Legislative Assembly